അതുപോലെ അന്വേഷിച്ചപ്പോൾ 27 ബസ്സുകൾ ടയറില്ലാതെ കിടക്കുകയാണ്. ഏതാണ്ട് കുറച്ച് ബസ്സുകൾ അതിൽനിന്നും ഓപ്പറേറ്റു ചെയ്തു കഴിഞ്ഞു. 30 ബസ്സുകൾക്ക് പുതിയ ടയറുകളും അതുപോലെതന്നെ റീട്രെയിഡ് ചെയ്ത 60 ടയറുകളും വേണ്ടിവരുന്നുണ്ട്. ബാറ്ററിയില്ലാതെ തന്നെ 8 ബസ്സുകൾ കിടക്കുകയാണ്. 32 ബാറ്ററി കിട്ടിയാൽ മാത്രമേ ആ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യാൻ ഒക്കുകയുള്ളൂ. അതുകൊണ്ട് ഈ ശബരിമല സീസൺ വിജയപ്രദമാക്കാൻ അവിടത്തെ ട്രാൻസ്പോർട്ട് ഡിപ്പോ കാര്യമായിട്ട് പ്രവർത്തിപ്പിക്കാൻവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ചെങ്ങന്നൂർ ഡിപ്പോയിലെ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിന് മാനേജ്മെന്റിനു നിർദ്ദേശം നൽകുന്നതാണ്.

## V. നിയമനിർമ്മാണകാര്യം

### (1) 1986-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തു.

#### 2, 3 വകുപ്പുകൾ

2-ാം, 3-ാം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ാം, 3-ാം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

#### 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1986-ലെ ഗാന്ധിജി സർവ്വകലാശാലാ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ: വളരെ അൺപ്രെസന്റഡ് ആയിട്ടുള്ള ഒരു കാര്യമാണ് ചെയർ ചെയ്യുന്നത്. പക്ഷെ ഗവൺമെന്റിന് ബിസിനസ്സ് പാസ്സാക്കിക്കൊടുക്കാനുള്ള ബാദ്ധ്യത കൂടി ചെയറിനുണ്ടെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം.

## (2) 1986-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സബ് ജഡ്ജ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1986-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

### വകുപ്പു തിരിച്ചുള്ള പരിഗണന

### 2 മുതൽ 4 വരെയുള്ള വകുപ്പുകൾ

2 മുതൽ 4 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2 മുതൽ 4 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

### 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 1986-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1986-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly